പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3624   20/10/2016-ൽ മറുപടിക്ക്

<u>കെ-ടെറ്റ് പരീക്ഷയിൽ പിന്നോക്ക വിഭാഗങ്ങൾക്ക് നൽകിവരുന്ന ആനുകല്യങ്ങൾ</u>

| **ചോദ്യം** | **ഉത്തരം** |
| --- | --- |
| ശ്രീ. പി. ഉബൈദുള്ള: | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പമന്ത്രി) |
| (എ) പൊതുവിദ്യാഭ്യാസ വകുപ്പിന്റെ 15.10.2014-ലെ 213/2014/പൊവിവ ഉത്തരവ് പ്രകാരം കെ-ടെറ്റ് പരീക്ഷ വിജയിക്കുന്നതിന് പിന്നോക്ക വിഭാഗങ്ങൾക്ക് നൽകിവരുന്ന ആനുകല്യങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ; | (എ) 15-10-2014 ലെ സ. ഉ (ആർടി) നം. 213/2014/പൊവിവ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ ഗവൺമെന്റ്/എയ്ഡഡ് സ്കൂളുകളിലെ എൽ.പി/യു.പി/ഹൈസ്കൂൾ അദ്ധ്യാപകരുടെ നിയമനത്തിനായുള്ള യോഗ്യതാ മാർക്കിൽ (ടെറ്റ് ഉൾപ്പടെ) എസ്.സി/എസ്.റ്റി/ഒ.ബി.സി/പി.എച്ച് വിഭാഗങ്ങൾക്ക് മിനിമം മാർക്കിൽ 5% ഇളവ് അനുവദിച്ചിട്ടുണ്ട്. |
| (ബി) പിന്നോക്ക വിഭാഗങ്ങളിലെ ഉദ്യോഗാർത്ഥികൾക്ക് അർഹതപ്പെട്ട ഇളവുകൾ കൃത്യമായി നൽകാത്തതുമൂലം കെ-ടെറ്റ് പരീക്ഷാ ബോർഡിന്റെ പരീക്ഷകളിൽ ഉദ്യോഗാർത്ഥികൾ പരാജയപ്പെടുന്ന സാഹചര്യം ഉണ്ടായിട്ടുണ്ടോ; | (ബി) കെ-ടെറ്റ് ഫലപ്രഖ്യാപനത്തിനു മുൻപ് പരീക്ഷാബോർഡ് യോഗം ചേർന്ന് പരീക്ഷാഫലം വിലയിരുത്തുകയും തുടർന്ന് ബോർഡ് തീരുമാനപ്രകാരവുമാണ് പരീക്ഷാഫലം പ്രസിദ്ധീകരിക്കുന്നത്. ആയതിനാൽ പിന്നോക്ക വിഭാഗങ്ങളിലെ ഉദ്യോഗാർത്ഥികൾക്ക് സർക്കാർ ഉത്തരവിന്റെ ആനുകൂല്യവും, മാർക്കിളവും എല്ലാ വർഷവും ലഭിക്കാറുണ്ട്. |
| (സി) എങ്കിൽ അവ പരിശോധിക്കുവാനും അർഹതപ്പെട്ട മാർക്കിളവ് നൽകുവാനും നടപടി സ്വീകരിക്കുമോ; | (സി) ബാധകമല്ല. |
| (ഡി) കെ-ടെറ്റ് പരീക്ഷകളിൽ കഴിഞ്ഞ അഞ്ച് വർഷത്തെ അപേക്ഷകരുടെയും വിജയികളുടെയും എണ്ണവും ശതമാനവും ജില്ല തിരിച്ച് വെളിപ്പെടുത്താമോ; | (ഡി) 2012 മുതലാണ് കെ-ടെറ്റ് നടന്നുവരുന്നത്. അന്നു മുതലുള്ള ജില്ലാതലത്തിലുള്ള സ്ഥിതി വിവര കണക്ക്ശേഖരിച്ച് നൽകുന്നതാണ്. |
| (ഇ) വിജയികളുടെ ജാതി തിരിച്ചുള്ള കണക്കുകളും പിന്നാക്ക ജനവിഭാഗങ്ങളുടെ മാർക്കിളവ് ആനുകല്യം നൽകിയതു വഴി എത്ര പേർ വിജയിച്ചുവെന്നതു സംബന്ധിച്ച ജില്ല തിരിച്ചുള്ള കണക്കുകളും ലഭ്യമാക്കുമോ?. | (ഇ) ശേഖരിച്ച് നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ